# JJ MURPHY MEMORIAL HSS YENDAYAR

## DIGITAL MAGAZINE 2019-2020



# കൈയൊപ്പ്

ജെ. ജെ. എം. എം. എച്ച്. എസ്. എസ്., ഏന്തയാർ

# പ്രധാനാദ്ധ്യാപികയുടെ സന്ദേശം

അറിവ് നേടുന്നതിനൊപ്പം സ്നേഹം, കരുണ, ത്യാഗമനോഭാവം എന്നീ മാനവികഗുണങ്ങൾ ജീവിതത്തിലും പ്രവൃത്തിയിലും പുലർത്തുക.

തിളങ്ങുന്ന നക്ഷത്രങ്ങളാവട്ടെ എല്ലാവരും.....

എല്ലാവിധ ആശംസകളും നേരുന്നു................

ജേയ്സിലിൻ ജോർജ്

പ്രധാനാദ്ധ്യാപിക

# ഉള്ളടക്കം

## കവിത

അപ്പം ഒപ്പം -5

കുട്ടിയും അമ്മയും-6

പ്രകൃതി 'അമ്മ -7

സുന്ദരി തത്ത -8

## *കഥകൾ*

തെറ്റായ വിധി -10

ഒരു യാത്ര വിവരണം-11

എലിക്കെണി-12

നിറങ്ങളുടെ തർക്കം-13

അനുസരണ ഇല്ലാത്ത അപ്പു-14

## ജീവചരിത്രം

ഉള്ളൂർ (1877-1949)-16

എൻ കുമാരനാശാൻ (1873-1924)-17

നന്ദി

# കവിത

ജെ. ജെ. എം. എം. എച്ച്. എസ്. എസ്., ഏന്തയാർ

# അപ്പം ഒപ്പം!

അപ്പമൊന്നേയുള്ളു
അപ്പുവിനും വേണം
കൊച്ചുവിനും വെണം !
അപ്പോഴെന്തുചെയ്യും ?
'അമ്മ ചോലി :നിങ്ങൾ
തമ്മിലടി വേണ്ട
അപ്പമോന്നു രണ്ടായി
'അമ്മ പകുതീടാം
അപ്പുവിന് പാതി
കൊച്ചുവിനും പാതി !"
രണ്ടു പതിയായി
കൊണ്ടുവച്ചൊരപ്പം
രണ്ടുപേരും തിന്നു
കണ്ടുചിഴിച്ചമ്മ

**BY**
**Jincy Joseph 9A**

–

# കുട്ടിയും അമ്മയും



**ഈ വലിയിൽ  നിന്ന് ചെമ്മേ -പൂക്കൾ**

**പോവുനിതാ  പേരാണമ്മേ !**

**തെറ്റി!  നിനക്കുണ്ണി  ചോലാം -നൽപ്പു-**

**മ്പാറ്റകളലെയിതെലാം.**

**മേല്ലമെലിങ്ങിവ പൊങ്ങി -വിണ്ണിൽ**

**നോക്കമെ -എന്തരു ഭംഗി !**

**അയ്യോ ! പോയ്യടികളിക്കാൻ -അമ്മേ !**

**വയ്യെനിക്ക് പാറപ്പാനു  !**

**ആകാത്തതിങ്ങനെ എണ്ണി- ചുമ്മാ**

**മാഴ്ക്കൊലയെന്നോമലുണ്ണി  !**

**പിച്ച നടന്നു കളിപ്പു -നീയി -**

**പിച്ചകമുണ്ടോ  നടപ്പു ?**

**അമ്മട്ടിലായതെന്തെന്നാൽ-ഞാനോ -**

**രുമാതരാമമേ   ചൊന്നാൽ.**

**നാമിങ്ങറിയുവതൽപ്പം -എല്ലാം  -**

**മോനെ !ദൈവസങ്കല്പം**

**പുഷ്പ്പവാടി (എൻ.കുമാരനാശാൻ )**

BY

Rahul Biswas 9c



## പ്രകൃതി അമ്മ

പ്രകൃതി നമ്മുക്ക് 'അമ്മ

ശുദ്ധവായു

നിലനിർത്തും 'അമ്മ

നാളേക്ക് തണലേകും

'അമ്മ

മുലയൂട്ടും അമ്മയെപോലെകാക്കണ്ണും

നാം പ്രകൃതിയാം അമ്മയെ

മലിനമാക്കരുതേ നാം അമ്മയെ

കോപിക്കാൻ ഇടയാക്കരുതേ നാം അമ്മയെ

കോപിതയാവാനിടയായാൽ നാം അനുഭവിക്ക്മ

കാലോളം

**by**

**AMEEN AHMED 9 A**

# സുന്ദരി തത്ത



പൊന്നിൻനെല്ല് വിരിയും വയലിൽ
ഒത്തിരിയൊത്തിരി
നെൽമണിയുണ്ട്
പുഞ്ചിരി വിരിയും  ചുവന്നചുണ്ടിൽ
നെല്ക്കതിർമുത്തുകള് കൊത്തിയെടുത്
സുന്ദരി തത്തെ നീയും കൂട്ടരും
എങ്ങോട്ടാ
നേരം പുലർന്നാൽ നീയും
കൂട്ടരും
നേല്യം വയലിൽ എത്തിച്ചേരും
നെല്മണിയെലാം കോത്തി
തിന്ന് നീയും കൂട്ടരും പാറിരസിച്ച
എങ്ങോട്ടെന്നി ഉല്ലാസ യാത്ര .......

BY
Saneesh Sajeevan 9c

# കഥകൾ

# തെറ്റായ വിധി

ഒരിക്കൽ ഒരു യാത്രക്കാരൻ തന്റെ കുരങ്ങിനെയും ആടിനെയും കൊണ്ട് യാത്രപോവുകയായിരുന്നു .വഴിനടന്ന്ക്ഷീണിച്ച അവർ ഒരു തടാകതീരത്ത് വിശ്രമിച്ചുകൊണ്ടേരുന്നു .പെട്ടന്ന് യാത്രക്കാരൻ കുറച്ച ഭക്ഷണം തയ്യാറാക്കി വച്ച യാത്രക്കാരൻ ക്ഷീണം മാറ്റാനായി കുളിക്കാൻ പോയി .തയ്യാറാക്കി വച്ച ഭക്ഷണം മുഴവൻ കുരങ്ങൻ തിന്നു തീർത്തു .എന്നിട്ടു സൂത്രശാലിയായ അത് കൈ രണ്ടും ആടിന്റെ താടിരോമത്തിൽ തുടച്ച വൃത്തിയാക്കി .

കുളി കഴ്ഞ്ഞു വന്ന യാത്രക്കാരൻ ഭക്ഷണം നഷ്ടപ്പെട്ടതിൽ വിഷമിച്ച നോക്കിയപ്പോൾ ആടിന്റെ മുഖത്ത് ഭക്ഷണത്തിന്റെ ആശം കണ്ടു .ആടാണ് ഭക്ഷണം കഴിച്ചതെന്ന് കരുതി അയാൾ ആടിനെ കഠിനമായി ശിക്ഷിച്ച .യഥാർത്ഥത്തിൽ കുരങ്ങനെയാണ് ശിക്ഷിക്കേണ്ടിയിരുന്നത് .യാത്രക്കാരന്റെ വിധി തെറ്റായിരുന്നു .

by,
***Rahul Biswas***

## ഒരു യാത്രാവിവരണം

പതിവിലും നേരത്തെ ഉണർന്നപ്പോൾ എഴുനെൽകാനുള്ള മടിയും ഉറക്കക്ഷീണവുമല്ല മരിച്ച ആനന്ദമാണ് എന്റെ മനസിൽ തോന്നിയത് .കാണാനും പുതിയ പുതിയ അറിവുകൾ നേടാനുമുള്ള ആവേശമാണ് തോന്നിയത് .കറുത്ത ഇന്നോവയുടെ പുറകിലത്തെ സീറ്റിലിരിക്കാൻ ഞാനും അനിയത്തിയും മത്സരിച്ചുകൊണ്ടിരുന്നു .ഇന്നോവ ഓടി തുടങ്ങിയപ്പോൾ പിന്നിലേക്ക് ഓടിമാറുന്ന വൃക്ഷങ്ങളും ചെടികളുമൊക്കെ കാണാൻ എന്തു ഭംഗിയായിരുന്നെന്നോ ? കൊടും തണുപ്പ് അനുഭവപെട്ടിട്ടും വെളിയിലെ കാഴ്ചകൾ കാണാനുള്ള ആവേശം കൊണ്ട് ആ തണുപ്പ് പോലും ഞാൻ വകവെച്ചില്ല .

രാത്രി 10:00 മണിക്ക് തുടങ്ങിയ യാത്ര അവസാനിച്ചത് പുലർച്ചെ 5 മണിയോടെ മധുരയിലെത്തി .ഞങ്ങൾ അവിടെ ഇറങ്ങി ഒരു ഹോട്ടലിൽ മുറിയെടുത്തു വസന്തമോക്കെ മാറി .പെണ്ണെ കഴിക്കാൻ വേണ്ടി ഇരുന്നപ്പോള് ദോശയും ചട്ട്ണിയും കൊണ്ടുവന്നു .ചട്ട്ണിക്ക് ഒരു വളിച്ച മണം.

By Aswin Rajan 9-c

# എലിക്കെണി

കപ്പത്തോട്ടത്തിലെ ഒരു കൊച്ചു മാളത്തിൽ ഒരു എലിയമ്മയും അഞ്ചുമക്കളു താമസിച്ചിരുന്നു.എലിയമ്മ കുഞ്ഞുങ്ങൾക് കപ്പയും കാച്ചിലുമൊക്കെ കൊണ്ടുകൊടുത്തു വളർത്തി.അവർ വളർന്ന് വലുതായി.നാലുമക്കൾ അമ്മയെ അനുസരണയുള്ളവരായിരുന്നു. അഞ്ചാമൻ അമ്മ പറഞ്ഞാൽ അനുസരിക്കാത്തവനും അഹങ്കാരിയുമായിരുന്നു.അവനെ അമ്മ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്തു.അവനെ ചിക്കു എന്ന പേരിട്ടു.ഒരു ദിവസം രാത്രി അമ്മയുടെ അഞ്ചു മക്കളും മാളത്തിൽ നിന്നും പുറത്തുചാടി.അപ്പോൾ എലിയമ്മ ചക്കി പൂച്ച പതുങ്ങിയിരിക്കുന്നത് കണ്ടു. എലിയമ്മ പറഞ്ഞു'അവിടെ ചക്കി പൂച്ച ഇരിപ്പുണ്ട്' ഇതുകേട്ട് നാലുപേരും മാളത്തിൽ കയറി.ചിക്കു മാത്രം കയറാൻ മടിച്ചു.അമ്മ ദേഷ്യപ്പെട്ട് ചിക്കുവിനെ ഓടിച്ച് മാളത്തിൽ കയറ്റി.അമ്മയും മക്കളും മാളത്തിൽ കയറി.എലിയമ്മ മക്കളെ അടുത്ത വിളിച്ചു പറഞ്ഞു 'മക്കളെ പുറത്തിറങ്ങുമ്പോൾ വളരെ സൂക്ഷിക്കണം.അല്ലെങ്കിൽ അവർനമ്മളെ പിടിച്ചുതിന്നും.പെട്ടിക്കകത് കമ്പിയിൽകുത്തി കപ്പക്കിഴങ്ങ്! തേങ്ങാക്കൊത്തു കണ്ടാൽ തൊട്ടു പോകരുത്.അത് നമ്മളെ പിടിക്കാൻ വച്ച എലിക്കെണിയാണ്' .അങ്ങനെ ഒരു ദിവസം തീറ്റതേടി ചിക്കു പുറത്തിറങ്ങി.അവൻ എലിക്കെണിയിൽ പെട്ടു.പിന്നെ അവനു പുറത്തിറങ്ങാൻ കഴിഞ്ഞില്ല.അവൻ അമ്മ പറഞ്ഞത് ഓർത്തു .കരഞ്ഞു.....

by,

*SHARAN SURESH 9-a*

## നിറങ്ങളുടെ തർക്കം

***ഒരിക്കൽ ഒരിടത്ത് ഒരു ചിത്രകാരനുണ്ടായിരുന്നു. അയാൾക്ക് നിറങ്ങളുമായി കളിയ്ക്കാൻ ഇഷ്ടമായിരുന്നു . ഒരു ദിവസം അയാള് എവിടെയോ പോയിരിക്കുകയായിരുന്നു. അപ്പോൾ നിറങ്ങൾക്കിടയിൽ ഒരു തർക്കം ഉണ്ടായി. ചുമല നിറം പറയുന്ന തുടങ്ങി. " നാനാണ് ഏറ്റവും നല്ല നിറം. മനുഷ്യർക്ക് ഇഷ്ടമുള്ള റോസപ്പൂവിന്റെ നിറവും എന്റേതാണ്. " അപ്പോൾ പച്ച  പറയുവാൻ തുടങ്ങി . " എന്റെ നിറമാണ് നല്ലത്. മരങ്ങളിലും ചെടികളിലും എല്ലാം എന്റെ നിറമാണ് ഉള്ളത്. " അങ്ങനെ പല നിറങ്ങളും എന്റേതാണ് നല്ലത് എന്ന് പറയുവാൻ തുടങ്ങി. വെള്ള നിറം മാത്രം ഒന്നും തർക്കിക്കാതെ നിന്നു. നേരം കുറെ കഴിന്നപ്പോൾ  ചിത്രകാരൻ വീട്ടിലേക്ക് വന്നു. അയാൾ വന്നുടൻ ചിത്രം വരയ്ക്കാൻ തുടങ്ങി. അയാൾ ഒരു പ്രകൃതി ചിത്രമാണ് വരച്ചത്. അപ്പോൾ വെള്ള നിറം മറ്റുള്ള നിറങ്ങളോടായി പറയുവാൻ തുടങ്ങി. ഈ ചിത്രത്തിൽ ശ്രദ്ധിക്കു. ഈ ചിത്രത്തിൽ എല്ലാത്തരം നിറങ്ങളും കാണാൻ കഴിയും. ഈ ചിത്രകാരൻ എല്ലാ നിറങ്ങൾക്കും അതിന്റെതായ പ്രാധാന്യം കൊടുക്കുന്നോണ്ട്. എല്ലാ നിറങ്ങൾക്കും അതിന്റെതായ സൗന്ദര്യവുമുണ്ട്. അപ്പോൾ മറ്റുള്ള നിറങ്ങൾക്ക് തങ്ങളുടെ തെറ്റ് മനസിലായി. തങ്ങളെ പോലെ മറ്റുള്ള നിറങ്ങൾക്കും പ്രാധാന്യം ഉണ്ടെന്നും മനസിലായി. പിന്നീട് ഒരിക്കലും അവർ വഴക്കുണ്ടാക്കിയിട്ടില്ല.....***

***by,***

***Brilly Biju 9-a***

## അനുസരണ ഇല്ലാത്ത അപ്പു

ഒരിടത്തു അപ്പു എന്ന കുട്ടി താമസിച്ചിരുന്നു .അവനു അമ്മ മാത്രമാണ് ഉണ്ടായിരുന്നത്  അച്ഛൻ നേരത്തെ മരിച്ചുപോയി .അവൻ അവന്റെ അമ്മ പറയുന്നത് കേൾക്കുകയോ അനുസരിക്കുകയോ ചെയ്യുരിനില്ല .ഒരു ദിവസം അവൻ കാലം പറയാൻ ആരംഭിച്ചു .അവൻ ഒരു ദിവസം ഒരാളുടെ സാധനം എടുത്തുകൊണ്ട് വീട്ടിൽ വന്നു .അവന്റെ അമ്മ ഇത് കണ്ടു ചോദിച്ചു. 'ഇത് ആരുടെയാണ്' പക്ഷെ അവൻ ഒന്നും മിണ്ടിയില്ല .അവനെ അമ്മ ഒത്തിരി വഴക്കു പറഞ്ഞു .അതുകേട്ടിട് പോലും അവൻ ഒരു കൂസലുമില്ലാതെ നിൽക്കുകയാണ് ചെയ്തത് .അയൽ വീട്ടുകാർ പോലും അവന് ശല്യമാകാൻ തുടങ്ങി.അവൻ കൊച്ചു കുട്ടികളെ ഉപദ്രവിക്കാൻ തുടങ്ങി.അവനെ പിള്ളേർക്ക് പോലും പേടിയായിരുന്നു .അങ്ങനെ ഒരു ദിവസം ഇവന്റെ നേരെ പട്ടി വന്നു.ഇവൻ പട്ടിയ്ക്ക് വേദനിക്കുന്നത് പോലെ ഒരു കല്ല് എടുത്ത് എറിഞ്ഞു .ആ പട്ടിക്ക് വേദന സഹിക്കാനാവാതെ അത്  വീട്ടിൽ പോയി .ആ നാട്ടിൽ താമസിച്ച കുട്ടികൾ അവനെ നല്ലൊരു പാഠം പഠിപ്പിക്കണമെന്ന് പറഞ്ഞു .  ഒരു ദിവസം അവൻ അങ്ങനെ  നടക്കുമ്പോൾ ആ പട്ടിയെ കണ്ടു .അവൻ കല്ലെടുക്കാൻ തുടങ്ങിയപ്പോൾ ,അവന്റെ നേരെ വന്ന് അവനെ കടിക്കാൻ തുടങ്ങി.ഏറ്റവും അവസാനം അവൻ ഒരു കല്ല് തട്ടി വീണു.അവനു പട്ടിയുടെ കടി കിട്ടി.അങ്ങനെ അവൻ അനുസരണയുള്ളവനായി ജീവിച്ചു.

by,

Aparna Shaiju 9 c

# ജീവിതചരിത്രം

ജെ. ജെ. എം. എം. എച്ച്. എസ്. എസ്., ഏന്തയാർ

## ജീവിതചരിത്രം

**ഉള്ളൂർ (1877-1949)**

ആധുനിക കവിത്രയത്തിലെ അംഗമായ ഇദ്ദേഹത്തിന്റെ മുഴവൻ പേര് ഉള്ളൂർ എസ പരമേശ്വരയ്യർ എന്നാണ് .1877-ൽ മലയാള കലണ്ടർ പ്രകാരം 1052-ൽ ഇടവം 25 ന് ചങ്ങനാശേരിയിൽ ജനിച്ചു .പണ്ഡിതൻ,ഗവേഷകൻ എന്നീനിലകളിൽ പ്രാവണ്യം തെളിയിച്ച ഇദ്ദേഹം കേരളം വർമ്മ പ്രസ്ഥാനത്തിന്റെ പ്രമുഖ വക്താവ് കൂടിയാണ് .അലങ്കാരപൂര്ണവും പണ്ഡിതോചിതവുമായ കാവ്യശൈലിയുടെ ഉടമയായ ഇദ്ദേഹം പ്രശസ്തമായ ഉമാകേരളമെന്ന മഹാകാവ്യം 1914-ൽ
രചിച്ചു ഉല്ലേഖ ഗായകൻ എന്നറിയപ്പെടുന്ന ഉള്ളൂരിന് കൊച്ചിരാജാവും ശ്രീ ചിത്തിര തിരുനാൾ മഹാരാജാവും യഥാക്രമം കവിതിലകൻ , മഹാകവി എന്നീ ബിരുദങ്ങൾ നൽകി ആദരിച്ചു .ശ്രീമൂലം തിരുന്നാൾ മഹാരാജാവിന്റെ വീരശൃങ്കല .റാവു സാഹിബ് സാഹിത്യ ഭൃക്ഷൺ , ഉജ്ജ്വല ,ശബ്ദാഢ്യൻ എന്നീ ബഹുമതികളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട് .അഞ്ചു വാള്യങ്ങളിൽ രചിച്ച 'കേരളസാഹിത്യചരിത്രം' ശ്രേദ്ധേയമായ കൃതിയാണ് .1949-ൽ ജൂൺ 15 ന് അദ്ദേഹം ഇഹലോക വാസം വെടിഞ്ഞു

by, Saneesh Sajeevan 9-c

## എൻ കുമാരനാശാൻ (1873-1924)

ആധുനിക കവിത്രയത്തിലെ പ്രാധാന്യനായ അങ്കം.സ്നേഹഗായകൻ എന്നറിയപ്പെടുന്ന ഇദ്ദേഹം 1873 ഏപ്രിലിൽ മലയാളകലെണ്ടർ പ്രകാരം 1048 മേടം ഒന്നിന് തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴിനടുത്തുള്ള കായിക്കര ഗ്രാമത്തിൽ ജനിച്ചു .വിദ്യാർത്ഥികളെ സംസ്കൃതം പഠിപ്പിച്ചരിന്നതുകൊണ്ട് 'ആശാൻ' എന്ന പേരുലഭിച്ചു.ശ്രീ നാരായണ ഗുരുവിന്റെ ശിഷ്യനായ ആശാൻ 1903-ൽ എസ് എൻ ഡി പി യോഗം സെക്രട്ടറിയായി പ്രവർത്തിച്ചു .ബാംഗ്ളൂരിലും കൊൽക്കത്തയിലും ഉപരിപഠനം നടത്തിയ അദ്ദേഹത്തിന്റെ 'വീണപൂവ്' എന്ന കാവ്യം മലയാള സാഹിത്യതിന്റെ പുതുയുഗപ്പിറവിക്ക് കാരണമായി .അദ്ദേഹത്തിന്റെകവിതകളിൽ ഉടനീളം ഒരു തത്വചിന്തകനായി കവിയെയും കവിയായ തത്ത്വചിന്തകനെയും ദർശിക്കാം .മലയാളകവിതയിൽ കാല്പനിക വസന്തത്തിനുതുടക്കം കുറിച്ചവരിൽ പ്രമുഖനായ അദ്ദേഹം 1924-ൽ ജനുവരി 16-ന് ബോട്ടപകടത്തിൽ മരണമടഞ്ഞു

by, Karthik V S

# *നന്ദി .*